LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ ഭാഗമായി കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടന്ന വർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 511, 468, 407, 420 എന്നീ വകുപ്പുകൾ പ്രകാരവും കേരള മണിലെന്റേഴ്സ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവും 2012-ലെ കേരള പ്രൊഹിബിഷൻ ഓഫ് ചാർജിംഗ് എക്സ്ക്ലോർബിറ്റന്റ് ഇന്റെറസ്റ്റ് ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരവുമാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നത്. ഇതിനുപുറമെ 5 പേർക്കെതിരെ കാപ്പ പ്രകാരം നടപടികൾ സ്വീകരിക്കുകയും ഒരാൾക്കെതിരെ (കോഴിക്കോട് സിറ്റി) കാപ്പ പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടറുടെ പരിഗണനയിലുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഓപ്പറേഷൻ കുബേര രണ്ടാംഘട്ടം

201 (3022) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ടത്തിൽ എത്ര കേസ്സുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) അന്യസംസ്ഥാനക്കാരായ അമിത പലിശക്കാർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) ഓപ്പറേഷൻ കുബേരയുടെ രണ്ടാംഘട്ടത്തിൽ (25-10-2014 മുതൽ 21-6-2015 വരെ) ആകെ 335 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 175 പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) അനധികൃതമായി പണമിടപാട് നടത്തുന്ന അന്യസംസ്ഥാനക്കാർക്കെതിരെ നിലവിലുള്ള നിയമപ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം ആളുകളുടെ സ്ഥാപനങ്ങളിൽ റെയ്ഡുകൾ നടത്തിയും സ്പെഷ്യൽ ബ്രാഞ്ച് മുഖേന അനധികൃത പണമിടപാട് നടത്തുന്ന അന്യസംസ്ഥാനക്കാരെ നിരീക്ഷിച്ചും ആവശ്യമായ നടപടികൾ സ്വീകരിച്ചും വരുന്നു.

കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയം

202 (3023) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർ നിർണ്ണയിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) കരട് വിജ്ഞാപനത്തിൽ എന്തെങ്കിലും അപാകതകൾ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര വകുപ്പിൽ ഇ1-21566/12 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ഡി) മലപ്പുറം നഗരത്തിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവിൽ സ്ഥിതി ചെയ്യുന്ന കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട കോഡൂർ പഞ്ചായത്തിലെ ഉമ്മത്തൂർ, മുണ്ടക്കോട്, പെരിങ്ങോട്ടുപുലം, പരുവമണ്ണ പ്രദേശങ്ങൾ മലപ്പുറം സ്റ്റേഷൻ പരിധിയിലാക്കാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കൊളത്തൂർ പോലീസ് സ്റ്റേഷൻ പരിധിയിൽനിന്നും മലപ്പുറം പോലീസ് സ്റ്റേഷൻ പരിധിയിലേക്ക് മാറ്റുവാൻ സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ച പരുവമണ്ണ പ്രദേശം കൊളത്തൂർ പോലീസ് സ്റ്റേഷന്റെ അധികാര പരിധിയിൽ നിലവിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടില്ല. ആയത് പരിശോധിച്ചതിൽ കൊളത്തൂർ പോലീസ് സ്റ്റേഷനിലെ 'പൈംങ്ങമണ്ണ' എന്ന് രേഖപ്പെടുത്തിയിട്ടുള്ള പ്രദേശവും 'പരുവമണ്ണ' എന്ന പ്രദേശവും ഒന്നാണെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly